TB Movie Club Weekly Review #MovieClub

നദികളിൽ സുന്ദരി യമുന...

എഴുതിയത് : Sankar En

സാധാരണ ധ്യാൻ ശ്രീനിവാസൻ്റെ സിനിമകൾ തീയേറ്ററിൽ പോയി കാണാൻ ആഗ്രഹിക്കാറുള്ളതല്ല. നാല് കൊല്ലം മുൻപ് ഇറങ്ങിയ സച്ചിൻ ആയിരുന്നു അദ്ദേഹത്തിന്റെയായി ഒടുവിൽ തീയേറ്ററിൽ കണ്ട സിനിമ. മൂന്ന് ദിവസം തുടർച്ചയായി അവധി ആയത് കൊണ്ടും മറ്റു പരിപാടികൾ പ്ലാനിംഗ് ചെയ്യാൻ പറ്റാത്ത അവസ്ഥയിൽ ആയത് കൊണ്ടും യാദൃച്ഛികമായി പോയി കണ്ട സിനിമ ... ഇത് കുടുംബ സമേതം എല്ലാവർക്കും കണ്ട് ആസ്വദിക്കാൻ പറ്റിയ ഒരു സിനിമയാക്കി മാറ്റാൻ ഇതിൻ്റെ പിന്നണി പ്രവർത്തകർക്ക് സാധിച്ചിട്ടുണ്ട്.

ഒരു ഉൾനാടൻ ഗ്രാമത്തിലെ അമ്പല നടത്തിപ്പിനായി രണ്ട് വ്യത്യസ്ത പാർട്ടിക്കാർ നടത്തുന്ന ശ്രമം നായകൻ്റെ ജീവിതത്തിൽ വരുത്തുന്ന മാറ്റമാണ് കഥ.. ആദ്യം ആരു കല്യാണം കഴിക്കും എന്ന മത്സരവും അതിൽ ആരു വിജയിക്കുന്നു എന്നും അതിൻ്റെ ഭവിഷ്യത്തുകളുമാണ് നർമരസത്തിൽ അവതരിപ്പിക്കുന്നത്. ഓരോ നിമിഷവും പ്രേക്ഷകരിൽ ഇനിയിപ്പോ എന്ത് സംഭവിക്കും എന്ന തോന്നലിൽ ലയിപ്പിച്ച് ഇരുത്താൻ തിരക്കഥ ക്കു കഴിഞ്ഞിട്ടുണ്ട്..

ധ്യാൻ ശ്രീനിവാസനും അജു വർഗീസുമാണ് രണ്ടു ചേരികളായി തിരിഞ്ഞു മത്സരിക്കുന്നത്. ആദ്യം അമ്പലത്തിനു വേണ്ടിയും പിന്നീട് വിവാഹം കഴിക്കാൻ വേണ്ടിയും ആ മത്സരം തുടരുന്നു. ഒടുവിൽ ഒരാൾ ഭാഷ അറിയാത്ത ഒരു പെൺകുട്ടിയെ വിവാഹം കഴിക്കുകയും എന്നാൽ കഷ്ടകാലത്തിനു ആ ഭാഷ തന്റെ എതിരാളിക്ക് നന്നായി അറിയാവുന്നതും ആകുമ്പോൾ ഉണ്ടാകുന്ന പല രസകരമായ സാഹചര്യങ്ങളും നായകനു നേരിടേണ്ടി വരുന്നു. ഒടുവിൽ വരുന്ന അപ്രതീക്ഷിത ക്ലൈമാക്സ് കൂടി ആകുമ്പോൾ സിനിമയെ കൂടുതൽ മനോഹരമായി മാറുന്നു.